

# പഴയ കാല രചനകൾ – ഇ മലയാളിയിൽ വായിക്കുക

# ഉന്മാദവും നിർവ്രുതിയും

**ഡോക്ടർ നന്ദകുമാർ, ചാണയിൽ**



പഞ്ചബാണനാം, കാമദേവനെ ഭസ്മമാക്കു–
മിതിഹാസരൂപിയാം ത്രികാലജ്ഞാനീ,
നൽകി നീ നിർവ്രുതിക്ക് നിഗ്രഹം ത്രിക്കണ്ണാൽ.
ഈരേഴുലോകത്തിൻ മായവിലാസങ്ങളറിയും
മഹാദേവാ, നീയും പഞ്ചേന്ദ്രിയവഞ്ചിതനാകീടുകിൽ,
ഇഹലോകവാസിയാം മാനവൻതൻ കഥയെന്ത്?
പഞ്ചപുഛവുമടക്കിയവൻ കാത്തിരിപ്പൂ
പഞ്ചതന്ത്രകുതന്ത്രങ്ങൾ പ്രയോഗിച്ചിടാൻ.
ശ്രവണസുഖത്തിലുമപ്പുറം, ഘ്രാണസുഖം കാംക്ഷിച്ചീടുകിൽ,
ദർശനത്തിലും സ്പർശനം നന്നെന്നായ്,
സ്പർശിപ്പതിലും രുചിപ്പതിലെന്നുമായ്.
ഗീർവാണിയും ഭ്രമിച്ചീടുന്നു നിർവ്വാണത്തിനായ്–
മാനുഷദുരാഗ്രഹത്തിനുണ്ടോ ഒരന്തം?ദുരന്തം!
ജിജ്ഞാസുവാമിന്ദ്രിയജ്ഞാനി, അജ്ഞാനി, അൽപജ്ഞാനി,
ഇന്ദ്രിയാതീതൻ, ജിതേന്ദ്രിയൻ
ജ്ഞാനിയോ,വിജ്ഞാനിയോ?
കർമ്മഫലം കൊണ്ടു തമോഗുണനാകിടാതെ,
കർമ്മബലം കൊണ്ടു സത്വഗുണനാകിടൂ

**********